ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 08.12.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ രാജസ്ഥാനും ഹരിയാനയും സന്ദർശിക്കും; 'റൈസിങ് രാജസ്ഥാൻ' ആഗോള നിക്ഷേപ ഉച്ചകോടി ഉദ്ഘാടനം ചെയ്യും.

   **PM Narendra Modi to visit Rajasthan and Haryana tomorrow;PM will inaugurate the Rising Rajasthan Global Summit 2024 at Rajastan.**

2. സിറിയൻ തലസ്ഥാനമായ ഡമാസ്കസിൽ സമ്പൂർണ നിയന്ത്രണം അവകാശപ്പെട്ട് വിമതർ; പ്രസിഡന്റ് ബാഷർ അൽ അസ്സദ് രാജ്യം വിട്ടതായും റിപ്പോർട്ട്.

   **Syrian rebel forces take control of capital Damascus amid reports of President Bashar al-Assad fleeing country.**

3. പശ്ചിമേഷ്യ ഇന്ത്യയുടെ സാമ്പത്തിക - നയതന്ത്ര മേഖലയ്ക്ക് സുപ്രധാനമാണെന്ന് മനാമ സംവാദത്തിൻറെ സമാപനയോഗത്തിൽ വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ.

   **External Affairs Minister Dr. S. Jaishankar presented India's comprehensive strategy for West Asia at the Manama Dialogue, emphasizing the region's critical importance to India's economic and strategic interests.**

4. നുഴഞ്ഞുകയറ്റവും ഇടതു തീവ്രവാദവും പ്രതിരോധിക്കുന്നതിൽ ബിഎസ്എഫിൻറെ സേവനം അതുല്യമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   **Home Minister lauds role of BSF in securing borders, preventing infiltration and dealing with Left-Wing Extremism.**

5. **ഇന്ത്യക്കെതിരായ ബോർഡർ-ഗാവസ്കർ ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം ടെസ്റ്റിൽ ഓസ്ട്രേലിയക്ക് ജയം; ഏഷ്യാ കപ്പ് പുരുഷ അണ്ടർ 19 ക്രിക്കറ്റ് കിരീടം ബംഗ്ലാദേശിന്.**

**Border-Gavaskar Trophy: Australia beats India in 2nd test at Adelaide Oval; Bangladesh lifts the U19 Cricket Asia Cup.**

**&&&&&&&&&&&&&&&&&&**

## HEADLINE 1

### PM-RAJASTHAN AND HARYANA

പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ രാജസ്ഥാനും ഹരിയാനയും സന്ദർശിക്കും. രാജസ്ഥാനിലെ ജയ്പൂർ സമ്മേളന നഗരിയിൽ 'റൈസിങ് രാജസ്ഥാൻ' ത്രിദിന ആഗോള നിക്ഷേപ ഉച്ചകോടിയുടെ ഉദ്ഘാടനം അദ്ദേഹം നിർവഹിക്കും. ഉച്ചയ്ക്ക് ശേഷം ഹരിയാനയിൽ എത്തുന്ന ശ്രീ മോദി പാനീപത്തിൽ ബീമ സഖി യോജനയ്ക്ക് തുടക്കം കുറിക്കും. കർനാലിലെ മഹാറാണ പ്രതാപ് ഹോർട്ടികൾച്ചറൽ സർവകലാശാലയുടെ പ്രധാന ക്യാമ്പസിനും അദ്ദേഹം തറക്കല്ലിടും.

**&&&&&&&&&&&&&&&&&&**

### PM-ASHTALAKSHMI MAHOTSAV

മെച്ചപ്പെട്ട ഗതാഗതസൗകര്യം, ഡിജിറ്റൽവൽക്കരണം, അടിസ്ഥാനസൗകര്യമേഖലയിലെ നിക്ഷേപം എന്നിവയിലൂടെ വടക്കുകിഴക്കൻ ഇന്ത്യ ശ്രദ്ധേയമായ വളർച്ചയ്ക്ക് സാക്ഷ്യം വഹിക്കുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. വികസിത ഭാരതം എന്നലക്ഷ്യം നേടുന്നതിൽ വടക്കുകിഴക്കൻ മേഖലയ്ക്കു സുപ്രധാന പങ്കുവഹിക്കാനാകുമെന്നും കേന്ദ്രമന്ത്രി ജ്യോതിരാദിത്യ സിന്ധ്യയുടെ ലേഖനം പങ്കുവച്ച് പ്രധാനമന്ത്രി പറഞ്ഞു.

**&&&&&&&&&&&&&&&&&&**

## HEADLINE 2

### SYRIAN REBEL FORCES

ഒരാഴ്ച നീണ്ടു നിന്ന ആക്രമണത്തിനു ശേഷം സിറിയൻ തലസ്ഥാനമായ ഡമാസ്കസിലുള്ള സമ്പൂർണ നിയന്ത്രണം അവകാശപ്പെട്ട് വിമതർ. 24 വർഷത്തെ ഭരണത്തിനുശേഷം സിറിയൻ പ്രസിഡന്റ് ബാഷർ അൽ അസ്സദ് രാജ്യം വിട്ടതായും റിപ്പോർട്ട് ഉണ്ട്. സമാധാനപരമായ അധികാരക്കൈമാറ്റത്തിന് തയ്യാറാണെന്ന് സിറിയൻ പ്രധാനമന്ത്രി മൊഹമ്മദ് ഖാസി അൽ ജലാലി അറിയിച്ചെന്ന റിപ്പോർട്ടും പുറത്തുവന്നു. അറബ്, യൂറോപ്യൻ രാജ്യങ്ങളുമായും, ഐക്യരാഷ്ട്ര സഭയുമായും ചർച്ച നടത്തുമെന്നു സിറിയൻ വിമതർ വ്യക്തമാക്കി. അതേസമയം, ഡമാസ്കസ് വിമാനത്താവളത്തിൽ നിന്ന് സുരക്ഷാസൈന്യം പിൻവാങ്ങി. ഡമാസ്കസ്സിനടുത്തുള്ള ജയിലിലെ തടവുപുള്ളികളെ മോചിപ്പിച്ചതായും ഹോംസ് നഗരത്തിന്റെ നിയന്ത്രണം തങ്ങൾക്കാണെന്നും വിമതർ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## HEADLINE 3

### JAISHANKAR-MANAMA (INTRO)

പശ്ചിമേഷ്യയുമായുള്ള സഹകരണം മെച്ചപ്പെടുത്തുന്നതിനുള്ള സമഗ്രനയം അവതരിപ്പിച്ച് വിദേശകാര്യമന്ത്രി എസ് ജയ് ശങ്കർ. പശ്ചിമേഷ്യ ഇന്ത്യയുടെ സാമ്പത്തിക - നയതന്ത്ര മേഖലയ്ക്ക് സുപ്രധാനമാണെന്നും മനാമ സംവാദത്തിന്റെ സമാപനയോഗത്തിൽ അദ്ദേഹം വ്യക്തമാക്കി. ഇറാൻ, ഇറാക്ക്, ജിസിസി രാജ്യങ്ങൾ എന്നിവയുമായി ഇന്ത്യയുടെ പ്രതിവർഷവ്യാപാരം 180 ശതകോടി ഡോളർ വരെയും മെഡിറ്ററേറിയൻ രാജ്യങ്ങളുമായി 90 ശതകോടി ഡോളർ വരെയും ഉയരാറുണ്ട്. ഗൾഫ് മേഖലയിലെ 10 ദശലക്ഷം ഇന്ത്യക്കാരും മെഡിറ്ററേനിയൻ രാജ്യങ്ങളിലുള്ള അഞ്ച് ലക്ഷത്തോളം ഇന്ത്യക്കാരും പശ്ചിമേഷ്യമായുള്ള ബന്ധത്തെ കൂടുതൽ ശാക്തീകരിക്കുമെന്നും ശ്രീ ജയ്ശങ്കർ പറഞ്ഞു.

(ഹോൾഡ്)

&&&&&&&&&&&&&&&&&&

## JAISHANKAR- BRICS CURRENCY

അമേരിക്കൻ ഡോളറിന് തുല്യമായി പുതിയ കറൻസി ആരംഭിക്കുന്നത് പരിഗണനയിലില്ലെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ. ഖത്തറിൽ ദോഹ ചർച്ചാവേദിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## RAJNATH - RUSSIA

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിന്റെ മൂന്ന് ദിവസത്തെ റഷ്യൻ സന്ദർശനത്തിന് ഇന്ന് തുടക്കം. മോസ്കോയിൽ നടക്കുന്ന സൈനിക-സാങ്കേതിക സഹകരണത്തിനായുള്ള ഇന്ത്യ-റഷ്യ അന്തർ സർക്കാർതല കമ്മീഷന്റെ 21-ാമത് യോഗത്തിൽ റഷ്യൻ പ്രതിരോധ മന്ത്രി ആന്ദ്രേ ബെലോസോവിനൊപ്പം അദ്ദേഹം അധ്യക്ഷനാകും.

&&&&&&&&&&&&&&&&&&

## FINANCE COMMISSION

പതിനാറാം ധനകാര്യ കമ്മീഷൻ ചെയർമാൻ അരവിന്ദ് പനഗരിയയും അംഗങ്ങളുമടങ്ങിയ സംഘം കേരളത്തിലെത്തി. ധനകാര്യ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതാനായി സംസ്ഥാനങ്ങളിലേക്കുള്ള പഠനയാത്രകളുടെ ഭാഗമായാണ് സന്ദർശനം. 2026 ഏപ്രിൽ ഒന്നുമുതലാണ് കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള ധനവിഹിതങ്ങൾ കേരളത്തിന് ലഭ്യമാകുക.

&&&&&&&&&&&&&&&&&&

## CHAR DHAM PILGRIM

ചാർ ധാം യാത്രയ്ക്ക് ഉത്തരാഖണ്ഡിൽ തുടക്കമായി. രുദ്രപ്രയാഗ് ജില്ലയിലെ ഓംകാരേശ്വർ ക്ഷേത്രത്തിൽ ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിങ് ധാമി, യാത്ര ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&&

## PANCHAYAT AWARD

ഈ വർഷത്തെ ദേശീയ പഞ്ചായത്ത് പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ബുധനാഴ്ച ന്യൂഡൽഹിയിൽ സമ്മാനിക്കും. കേരളത്തിൽ നിന്ന് മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് പഞ്ചായത്തും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ 'കില'യുമാണ് പുരസ്കാരത്തിന് അർഹമായത്.

&&&&&&&&&&&&&&&&&&

# HEADLINE 4

## REV AMIT SHAH-BSF (INTRO)

അതിർത്തി സുരക്ഷയ്ക്കൊപ്പം നുഴഞ്ഞുകയറ്റം, കള്ളനോട്ടുകൾ, ഇടതു തീവ്രവാദം തുടങ്ങിയവ തടയുന്നതിൽ അതിർത്തി രക്ഷാസേനയുടെ സേവനം അതുല്യമാണെന്നു കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ജോധ്പൂരിൽ അതിർത്തി രക്ഷാസേനയുടെ 60-ാം സ്ഥാപക ദിനാഘോഷത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ബിഎസ്എഫ് ഇല്ലാതെ രാജ്യത്തിന്റെ വർധിച്ചുവരുന്ന സുരക്ഷാ ആവശ്യങ്ങൾ നിറവേറ്റുക അസാധ്യമാണെന്നും അദ്ദേഹം വ്യക്തമാക്കി.

**(ഹോൾഡ്)**

&&&&&&&&&&&&&&&&&&

## CHESS-DGUKESH

ലോക ചെസ് ചാമ്പ്യൻഷിപ്പിൽ മുന്നിലെത്തി ഇന്ത്യയുടെ ഡി ഗുകേഷ്. 11-ാം റൗണ്ടിൽ നിലവിലെ ചാമ്പ്യൻ ചൈനയുടെ ഡിങ് ലിറെനെ ഗുകേഷ് പരാജയപ്പെടുത്തി. നിലവിൽ ഗുകേഷിന് ആറും ഡിങ് ലിറെന് അഞ്ചും പോയിന്റാണുള്ളത്. ആദ്യം ഏഴര പോയിന്റ് നേടുന്ന കളിക്കാരനാണ് ലോക ചാമ്പ്യൻ.

&&&&&&&&&&&&&&&&&&

## HEADLINE 5

### CRICKET

ഓസ്ട്രേലിയക്കെതിരായ ബോർഡർ-ഗാവസ്കർ ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം ടെസ്റ്റിൽ ഇന്ത്യക്ക് പത്തു വിക്കറ്റ് തോൽവി. അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 128 എന്ന നിലയിൽ ഇന്ന് രണ്ടാം ഇന്നിംഗ്സ് പുനരാരംഭിച്ച ഇന്ത്യ 175 റൺസെടുക്കുന്നതിനിടെ എല്ലാവരും പുറത്തായി. 19 റൺസ് വിജയലക്ഷ്യം ഓസീസ് വിക്കറ്റൊന്നും നഷ്ടപ്പെടാതെ മറികടക്കുകയായിരുന്നു.

&&&&&&&&&&&&&&&&&&

### WOMEN CRICKET

ഓസ്ട്രേലിയക്കെതിരായ വനിത ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യക്കു തോൽവി. 122 റൺസിനാണ് ഓസ്ട്രേലിയ ജയിച്ചത്. ആതിഥേയരായ ഓസ്ട്രേലിയയുടെ 372 റൺസ് എന്ന വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യ 44.5 ഓവറിൽ 249 റൺസിന് എല്ലാവരും പുറത്താകുകയായിരുന്നു.

&&&&&&&&&&&&&&&&&&

### REV. CRICKET ASIA CUP

ഏഷ്യാ കപ്പ് പുരുഷ അണ്ടർ 19 ക്രിക്കറ്റ് കിരീടം ബംഗ്ലാദേശിന്. ദുബായിൽ നടന്ന ഫൈനലിൽ ഇന്ത്യയെ 59 റൺസിനാണ് പരാജയപ്പെടുത്തിയത്.

&&&&&&&&&&&&&&&&&&

### KERALA-BYELECTION

കേരളത്തിൽ 31 വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് മറ്റന്നാൾ. മലപ്പുറം ജില്ലാ പഞ്ചായത്തിലെ തൃക്കലങ്ങോട് വാർഡ് ഉൾപ്പെടെ പതിനൊന്ന് ജില്ലകളിലായി നാല് ബ്ലോക്ക് പഞ്ചായത്ത് വാർഡുകൾ, മൂന്ന് മുനിസിപ്പാലിറ്റി വാർഡുകൾ, 23 ഗ്രാമപഞ്ചായത്ത് വാർഡുകൾ എന്നിവിടങ്ങളിലാണ് ഉപതിരഞ്ഞെടുപ്പ്. രാവിലെ ഏഴുമുതൽ വൈകിട്ട് ആറുവരെയാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ ബുധനാഴ്ചയാണ്.

&&&&&&&&&&&&&&&&&&

## PUNJAB LOCAL BODY ELECTIONS

പഞ്ചാബിൽ, അഞ്ച് മുനിസിപ്പൽ കോർപ്പറേഷനുകളിലേക്കും മുനിസിപ്പൽ കൗൺസിലുകൾ, നഗര പഞ്ചായത്തുകൾ എന്നിവിടങ്ങളിലെ 598 വാർഡുകളിലേക്കുമുള്ള തിരഞ്ഞെടുപ്പ് ഈ മാസം 21 ന്. രാവിലെ ഏഴു മുതൽ വൈകിട്ട് നാലുവരെയാണ് വോട്ടെടുപ്പ്. വോട്ടെണ്ണലും അന്നേദിവസം നടക്കും.

&&&&&&&&&&&&&&&&&&

## SOUDI – ABURAHEEM

സൗദി അറേബ്യയിൽ ജയിലിൽ കഴിയുന്ന കോഴിക്കോട് ഫറോക്ക് സ്വദേശി അബ്ദുൾ റഹീമിന്റെ മോചനവുമായി ബന്ധപ്പെട്ട വിധി പ്രഖ്യാപനം റിയാദ് കോടതി മാറ്റിവച്ചു. വിഷയത്തിൽ വാദം കേൾക്കുന്ന നടപടികളാണ് നടന്നതെന്ന് നിയമ സഹായ സമിതി അറിയിച്ചു. ദയാധനം സ്വീകരിച്ചശേഷം സൗദി കുടുംബം മാപ്പ് നൽകാൻ തയ്യാറാണെന്ന് റിയാദ് ക്രിമിനൽ കോടതിയെ അറിയിച്ചതിനെ തുടർന്ന് കഴിഞ്ഞ ജൂലൈ 2-നാണ് അബ്ദു റഹീമിന്റെ വധശിക്ഷ റദ്ദാക്കിയുള്ള കോടതി ഉത്തരവുണ്ടായത്.

&&&&&&&&&&&&&&&&&&

## IFFK-R BINDU

മികവാർന്ന സിനിമകൾ ജനങ്ങളിലേക്കെത്തിക്കേണ്ടത് രാഷ്ട്രീയ ഉത്തരവാദിത്വമാണെന്ന് സംസ്ഥാന ഉന്നതവിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു. 29-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ മീഡിയ സെൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. വനിതാ സംവിധായകരുടെ സിനിമകളുടെ പ്രാതിനിധ്യം ഈ വർഷത്തെ മേളയെ കൂടുതൽ ശ്രദ്ധേയമാക്കുമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## DAY DELHI POLLUTION

ഡൽഹിയിലെ വായുഗുണനിലവാരം വളരെ മോശമായി തുടരുന്നു. ഉച്ചവരെയുള്ള കണക്കു പ്രകാരം ഡൽഹിയിൽ വായുഗുണനിലവാര സൂചിക 284 ലെത്തി. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ കണക്കനുസരിച്ച് നഗരത്തിലെ ചില പ്രദേശങ്ങളിൽ ഗുണനിലവാര സൂചിക 300 കടന്നു. അടുത്ത രണ്ട് ദിവസം ഡൽഹിയിലും പരിസരപ്രദേശങ്ങളിലും പുകമഞ്ഞിനും നേരിയ മൂടൽമഞ്ഞിനും സാധ്യതയുള്ളതായി കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&&&

## PUDUCHERRY CENTRAL TEAM

ഫെൻജൽ ചുഴലിക്കാറ്റിനെത്തുടർന്നുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്താൻ ജോയിന്റ് സെക്രട്ടറി രാജേഷ് ഗുപ്തയുടെ നേതൃത്വത്തിലുള്ള കേന്ദ്രസംഘം ഇന്ന് പുതുച്ചേരിയിലെത്തി. കനത്ത മഴയും വെള്ളക്കെട്ടും സാരമായി ബാധിച്ച മുള്ളോടൈയിലെ വൈദ്യുതി ഉപനിലയം സംഘം സന്ദർശിച്ചു. പുതുച്ചേരി ലഫ്റ്റനന്റ് ഗവർണർ കെ. കൈലാസ് നാഥൻ, മുഖ്യമന്ത്രി എൻ. രംഗസാമി എന്നിവരുമായി കേന്ദ്രസംഘം കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&&

## CHANDIGARH-NEW LAWS

പുതിയ മൂന്ന് ക്രിമിനൽ നിയമങ്ങൾ ഇന്ത്യയുടെ നിയമവ്യവസ്ഥയെ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതായി ചണ്ഡീഗഢ് ഡിജിപി സുരേന്ദർ യാദവ് പറഞ്ഞു. വികസിത ഇന്ത്യയെ പ്രതിഫലിപ്പിക്കുന്നതാണ് പുതിയ ക്രിമിനൽ നിയമങ്ങൾ. പുതിയ വ്യവസ്ഥകൾ സമകാലിക സമൂഹത്തിന് അനുയോജ്യമാണെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

&&&&&&&&&&

&&&